ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

209 (3960) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുണ്ട് ; വിശദവിവരം നൽകാമോ ;

(ബി) അപ്രകാരം ഇളവ് നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) ഈ നടപടി പ്രകാരം സർക്കാരിനുണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

അണ്ടർവാല്യുവേഷൻ കേസ്സുകൾ

210 (3961) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി സർക്കാർ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചു. അണ്ടർവാല്യുവേഷൻ കേസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ, കേരള മുദ്രപ്പത്രനിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള അണ്ടർവാല്യുവേഷൻ നടപടികൾ ജില്ലാ രജിസ്ട്രാർമാർ സ്വീകരിച്ചു വരുന്നുണ്ട്.

മുദ്രവില

211 (3962) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവില കുറയ്ക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) 2011-ലെ ഫിനാൻസ് ആക്ടിലൂടെ കുടുംബങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി, മൂല്യത്തിന്റെ 1% എന്നതിനു വിധേയമായി പരമാവധി 1000 രൂപയും, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് മൂല്യത്തിന്റെ 2% എന്നതിനു വിധേയമായി പരമാവധി 1000 രൂപയും ആയി നിജപ്പെടുത്തിയിരുന്നു. എന്നാൽ 8-10-2014-ൽ 20478/Leg. A2/2014/Law നമ്പർ ആയി വിജ്ഞാപനം ചെയ്ത The Kerala Taxation Laws (Amendment) Ordinance, 2014 പ്രകാരം 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവിലയുടെ പരിധി 1000 രൂപ എന്നത് പിൻവലിച്ചിരുന്നുവെങ്കിലും, 1-1-2015-ലെ 20478/Leg.A2/2014/Law നമ്പർ ആയി വിജ്ഞാപനം ചെയ്ത The Kerala Taxation Laws (Amendment) Act, 2014 പ്രകാരം കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവിലയുടെ പരിധി 1000 രൂപ എന്നത് പുനഃസ്ഥാപിച്ചിട്ടുണ്ട്. നിലവിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് മുദ്രവിലയുടെ പരമാവധി പരിധി 1000 രൂപ ആണ്, എന്നതിനാൽ ഈ നിരക്ക് ഇനിയും കുറയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് ഒന്നും രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly